പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 228 23.01.2018-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി .സിയിൽ വാഹനങ്ങളുടെ ദുരുപയോഗം

ചോദ്യം

ശ്രീ.കെ.എം.ഷാജി

ഉത്തരം

പിണറായി വിജയൻ

(മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി .സി. യിൽ സി.എം.ഡി ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ ദീർഘദൂര ഔദ്യോഗിക/ അനൗദ്യോഗിക യാത്രയ്ക്ക് കെ.എസ്.ആർ.ടി .സി യുടെ പാസഞ്ചർ ബസ് ഒഴികെയുള്ള ഔദ്യോഗിക വാഹനങ്ങൾ ഉപയോഗിക്കുന്നത് കെ.എസ്. ആർ.ടി .സിയ്ക്ക് ഭീമമായ യാത്ര ചെലവ് വരുത്തുന്നതായി കരുതുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (എ) | ഇല്ല. |
| (ബി) | കെ.എസ്.ആർ.ടി .സിയിലെ ഉദ്യോഗസ്ഥ വിഭാഗത്തിൽപ്പെട്ടവർക്ക് ഔദ്യോഗിക ആവശ്യങ്ങൾക്ക് ഒന്നിലധികം ജില്ല കടന്ന് യാത്ര ആവശ്യമായി വരുമ്പോൾ അതത് സ്ഥലം ഡിപ്പോയിലെ വാഹനങ്ങൾ ഉപയോഗിച്ച് യാത്ര ചെയ്യുന്നതിന് നിർദ്ദേശം നൽകുമോ; എങ്കിൽ വ്യക്തമാക്കുമോ; | (ബി) | ഔദ്യോഗിക വാഹനം അനുവദിച്ചിട്ടുള്ളത് കെ.എസ്.ആർ.ടി.സി യിലെ ഉന്നത ഉദ്യോസ്ഥർക്കു മാത്രമാണ്. കൂടാതെ കെ.എസ്.ആർ. ടി.സിയിലെ എല്ലാ ഡിപ്പോകളിലും ഔദ്യോഗിക വാഹനം ഇല്ല. ആയതിനാൽ നിർദ്ദേശം പ്രായോഗികമല്ല. |
| (സി) | മറ്റൊരു പൊതുമേഖലാ സ്ഥാപനത്തിലും ഇല്ലാത്ത പാസഞ്ചർ ഇതര ഔദ്യോഗിക വാഹനങ്ങളുടെ ദുരുപയോഗം നിലവിലെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്തെങ്കിലും കർശനമായി തടയുവാൻ നടപടി സ്വീകരിക്കുമോ? | (സി) | ഔദ്യോഗിക വാഹനങ്ങളുടെ ഉപയോഗം സംബന്ധിച്ച് ധനകാര്യ വകുപ്പിന്റെ ഇൻസ്പെക്ഷൻ വിംഗ് പരിശോധന നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ